നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആശുപത്രികളിലെ ഖരമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ചെറിയ ആശുപത്രികളിൽ ബയോമെഡിക്കൽ വേസ്റ്റുകൾ മലിനീകരണം ഉണ്ടാകാത്ത തരത്തിലുള്ള കത്തിക്കൽ, ആഴത്തിലുള്ള കുഴികൾ കുഴിച്ചുള്ള സംസ്കരണം, ഡീപ്പ് പിറ്റ് എന്നീ രീതിയിലാണ് സംസ്കരിച്ചുവരുന്നത്. കൂടാതെ ചില ആശുപത്രികളിൽ ഇൻസിനറേറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ ആശുപത്രികളിലെ മാലിന്യസംസ്കരണം പരിസ്ഥിതിക്ക് കോട്ടംവരാതെ വളരെ കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

(സി) നിലവിൽ സംസ്ഥാനത്തെ ചില ആശുപത്രികളിൽ ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസിനറേറ്ററുകൾ എന്നീ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ച് ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നു. ഓരോ ആശുപത്രികളിലും പ്രത്യേക മാലിന്യ സംസ്കരണ പ്ലാന്റുകൾ തുടങ്ങുന്നതിനേക്കാളും പൊതുവായ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സംവിധാനം വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമാക്കുന്നത്.

ഡോക്ടർമാരുടെ സമരം

89 (4373) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലരോഗങ്ങൾ, കാലവർഷക്കെടുതികൾ, വിദ്യാർത്ഥികളുടെ പരീക്ഷാസമയം തുടങ്ങി ജനങ്ങൾക്ക് സേവനം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ഡോക്ടർമാർ നിസ്സഹകരണ സമരം ഉൾപ്പെടെ വിവിധ പേരുകളിൽ സമരം സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഇതുവരെ സമ്മേളനങ്ങൾക്ക് ഉൾപ്പെടെ അവധി എടുത്ത എത്ര ഡോക്ടർമാർ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ളവർ) ഉണ്ടെന്നും പ്രസ്തുത അവധികൾ അംഗീകരിച്ച ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇതിന് സർക്കാർ അനുമതി ഉണ്ടായിരുന്നുവോ എന്നും വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജ് ഡോക്ടർമാർ ഉൾപ്പെടെയുള്ളവർ ഇത്തരം അവസരത്തിൽ ശസ്ത്രക്രിയ മുടങ്ങുന്നതടക്കമുള്ള നീക്കങ്ങൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; ആരെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ഡോക്ടർമാർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഡോക്ടർമാരുടെ കർത്തവ്യങ്ങളെക്കുറിച്ച് അവരെ അറിയിക്കാനും അതിൻപടി പ്രവർത്തിക്കാനും ഡോക്ടർമാർക്ക് ഒരു പെരുമാറ്റച്ചട്ടം ഉണ്ടാക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കണ്ടിന്യൂയിംഗ് മെഡിക്കൽ എഡ്യൂക്കേഷന്റെ ഭാഗമായി വിവിധ കോൺഫറൻസുകൾക്ക് മെഡിക്കൽ കോളേജ് അദ്ധ്യാപകർ പങ്കെടുക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത കോൺഫറൻസുകൾക്കും വർക്ക്ഷോപ്പുകൾക്കുമായി വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽനിന്നും 64 പേർ പങ്കെടുത്തിട്ടുണ്ട്. സർവ്വീസ് ചട്ടം അനുശാസിക്കുന്ന അവധികൾ ബാധകമാക്കിയാണ് പ്രസ്തുത ഡോക്ടർമാർക്ക് അനുമതി നൽകിയിട്ടുള്ളത്.

ആരോഗ്യ വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗത്തിനെതിരെ ഇത്തരമൊരു പരാതി ഉയർന്നിരുന്നു. ഈ പരാതി ബഹു. മനുഷ്യാവകാശ കമ്മീഷന്റെ പരിഗണനയിലാണ്.

(ഡി) ഡോക്ടർമാർക്കും നിലവിലുള്ള കേരള ഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂൾസും KCS(CC&A)Rules-ഉം ബാധകമാണ്. അതിനാൽ പ്രത്യേക പെരുമാറ്റ ചട്ടത്തിന്റെ ആവശ്യമില്ല.

ശസ്ത്രക്രിയേതര ധനസഹായം

90 (4374) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്നതിന് വകുപ്പിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ശസ്ത്രക്രിയക്ക് പുറമേ വിവിധ തരം രോഗപീഡകൾ അനുഭവിക്കുന്ന പാവപ്പെട്ട രോഗികൾക്ക് കൂടി ഈ പദ്ധതിയിൽനിന്ന് ധനസഹായം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ പദ്ധതി പ്രകാരം അപേക്ഷകരുടെ വാർഷിക വരുമാന പരിധി അമ്പതിനായിരം രൂപയാക്കി നിജപ്പെടുത്തുവാൻ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് ആരോഗ്യ വകുപ്പിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതിനായി ബഹു. ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധി എന്ന പദ്ധതിയും ബഹു. ആരോഗ്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള